REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 14-08-2025 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- 79-ാം സ്വാതന്ത്ര്യദിനാഘോഷത്തിന് ഒരുക്കങ്ങൾ പൂർത്തിയായി. രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വൈകിട്ട് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.
- നാളെ രാവിലെ ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയപതാക ഉയർത്തി രാജ്യത്തെ അഭിസംബോധന ചെയ്യും.
- ഇന്ന് വിഭജന ഭീതി അനുസ്മരണ ദിനം.
- സംസ്ഥാനത്തെ അണക്കെട്ടുകളുമായി ബന്ധപ്പെട്ട ബഫർ സോൺ വിഷയത്തിൽ ഉച്ചയ്ക്ക് തിരുവനന്തപുരത്ത് സർവ്വകക്ഷി യോഗം.
- തെരുവുനായ വിഷയത്തിൽ സംസ്ഥാനങ്ങൾക്ക് സ്വന്തം നിലയിൽ മുന്നോട്ടുപോകാൻ അധികാരം ഉണ്ടാവണമെന്ന് മന്ത്രി MB രാജേഷ്.
- സംസ്ഥാനത്ത് വ്യാപക മഴക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത.

## വാർത്തകൾ വിശദമായി

**സ്വാതന്ത്ര്യദിന തലേന്നാളായ ഇന്ന് വൈകിട്ട് ഏഴിന് രാഷ്ട്രപതി ദ്രൗപദി മുർമു രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെയും ദൂരദർശന്റെയും ദേശീയ ശൃംഖലയിലൂടെ ആദ്യം ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലും രാഷ്ട്രപതിയുടെ പ്രസംഗം പ്രക്ഷേപണം ചെയ്യും. അഭിസംബോധനയുടെ പ്രാദേശിക പരിഭാഷ രാത്രി ഒമ്പതരയ്ക്ക് ആകാശവാണി നിലയങ്ങൾ പ്രക്ഷേപണം ചെയ്യും.**

✪✪✪

**79-ാം സ്വാതന്ത്ര്യദിനത്തിൽ നാളെ രാവിലെ ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയപതാക ഉയർത്തി രാജ്യത്തെ അഭിസംബോധന ചെയ്യും. 2047 ഓടെ വികസിത ഭാരതം യാഥാർത്ഥ്യമാക്കുകയെന്ന ഗവൺമെന്റിന്റെ കാഴ്ചപ്പാടിന് ഉന്നൽ നൽകുന്ന 'നയാ ഭാരത്' എന്ന ആശയത്തോടെയാണ് ഈ സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത്.**

**ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ പ്രാധാന്യത്തോടെ അവതരിപ്പിക്കും. ഓപ്പറേഷൻ സിന്ദൂർ ലോഗോ സഹിതമാണ് ചടങ്ങിലേക്ക് ക്ഷണക്കത്ത് തയ്യാറാക്കിയിരിക്കുന്നത്. ചെനാബ് പാലത്തിന്റെ മുദ്രയും ക്ഷണപത്രത്തിലുണ്ട്. ചുവപ്പുകോട്ടയിലെ ചടങ്ങിലേക്ക് 5000 ത്തോളം പേരെയാണ് പ്രത്യേകം ക്ഷണിച്ചിരിക്കുന്നത്. സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ ടീം അംഗങ്ങളും, ഖേലോ ഇന്ത്യ പാരാ ഗെയിംസ് ജേതാക്കളും ഇവരിൽ ഉൾപ്പെടുന്നു.**

**നാളെ ചുവപ്പുകോട്ടയിലെ സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ തിരഞ്ഞെടുത്ത അങ്കണവാടി ജീവനക്കാർ, സൂപ്പർവൈസർമാർ, വനിതാ-ശിശുക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ഉൾപ്പെടെ 171 പേർ പ്രത്യേക അതിഥികളായി പങ്കെടുക്കും. സ്ത്രീകളെയും, കുട്ടികളെയും ശാക്തീകരിക്കാനും, അവശ്യസേവനങ്ങൾ അടിത്തട്ടു വരെ എത്തിക്കാനും നൽകുന്ന സേവനം പരിഗണിച്ചാണ് തീരുമാനം.**

✪✪✪

**സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ധീരതയ്ക്കും , മികച്ച സേവനത്തിനും മെഡലുകൾ പ്രഖ്യാപിച്ചു.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)......**

**സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പൊലീസ്, ഫയർ, ഹോം ഗാർഡ്, സിവിൽ ഡിഫൻസ്, കറക്ഷണൽ സേവനങ്ങൾ എന്നിവയിലെ 1090 പേർക്ക് ധീരതയ്ക്കും, മികച്ച സേവനത്തിനും നൽകുന്ന മെഡലുകൾക്ക് അർഹരായി.**

**ഇതിൽ 233 പേർക്ക് ധീരതാ മെഡലും, 99 പേർക്ക് വിശിഷ്ട സേവനത്തിന് രാഷ്ട്രപതിയുടെ മെഡലും, 758 പേർക്ക് സ്തുത്യർഹ സേവന മെഡലിനുമാണ് അർഹരായത്.**

**പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിലും, കുറ്റകൃത്യങ്ങൾ തടയുന്നതിലും കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിലും**

പ്രസക്തമായ വീരകൃത്യങ്ങളുടെ അടിസ്ഥാനത്തിലാണ് ധീരതാ മെഡൽ സമ്മാനിക്കുന്നത്.

✪✪✪

തിരുവനന്തപുരത്ത് സംസ്ഥാനതല സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ നാളെ രാവിലെ ഒൻപതിന് സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ദേശീയ പതാക ഉയർത്തിയ ശേഷം അദ്ദേഹം പരേഡിന്റെ അഭിവാദ്യവും സ്വീകരിക്കും.

തിരുവനന്തപുരം പ്രതിനിധി രെജു കോലിയക്കോട്.

.........(വോയ്സ്) .............

✪✪✪

ഇന്ന് വിഭജന ഭീതി അനുസ്മരണ ദിനം. 1947 ലെ ഇന്ത്യാ- പാക് വിഭജന വേളയിൽ ഏറെ ദുരിതങ്ങൾ സഹിച്ചവർക്കും, ജീവൻ നഷ്ടമായവർക്കും രാജ്യം സ്മരണാഞ്ജലി അർപ്പിക്കുന്നു. ചരിത്രത്തിന്റെ ഏറ്റവും ദുഃഖകരമായ ഈ അധ്യായം എണ്ണമറ്റ ജനങ്ങൾക്ക് നേരിടേണ്ടിവന്ന വേദനയുടെയും, മുറിവിന്റെയും ഓർമകൾ നിറഞ്ഞതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ഹർ ഘർ തിരംഗ ക്യാമ്പയിനിന്റെ ഭാഗമായി റെയിൽവേ സുരക്ഷാ സേന തിരുവനന്തപുരം ഡിവിഷന്റെ നേതൃത്വത്തിൽ ബൈക്ക് റാലി സംഘടിപ്പിച്ചു. ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ ദിവ്യകാന്ത് ചന്ദ്രാകർ ബൈക്ക് റാലി ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് BJP കോഴിക്കോട് നടക്കാവിൽ തിരംഗയാത്ര സംഘടിപ്പിച്ചു. BJP മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് P.രഘുനാഥ് ഉദ്ഘാടനം ചെയ്തു.

✪✪✪

ആലപ്പുഴ നൂറനാട് ITBP 27 -ാം ബറ്റാലിയൻ തിരംഗ യാത്ര സംഘടിപ്പിച്ചു. ഹർ ഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി നൂറനാട് നിന്നും ആരംഭിച്ച യാത്ര, പത്താംകുറ്റി വരെ നീണ്ടു.

ഡെപ്യൂട്ടി കമാൻഡന്റ് മനോജ് കുമാറും അസിസ്റ്റൻറ് കമാൻഡന്റ് ലിയോ മാത്യുസ് കുര്യനും ചടങ്ങുകൾക്ക് നേതൃത്വം നൽകി.

✪✪✪

കേരള പത്രപ്രവർത്തക യൂണിയൻ തപാൽ വകുപ്പിന്റെ ഇന്ത്യ പോസ്റ്റ്, പേയ്മെന്റ്സ് ബാങ്കുമായി സഹകരിച്ച് നടപ്പാക്കുന്ന ഹെൽത്ത് ഇൻഷുറൻസ് സൂപർ ടോപ് അപ് പദ്ധതി സംസ്ഥാനതല എൻറോൾമെന്റ് മന്ത്രി V N വാസവൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. സംസ്ഥാന വ്യാപകമായി ആയിരത്തോളം മാധ്യമ പ്രവർത്തകരും കുടുംബാംഗങ്ങളും ആണ് ടോപ് അപ്പ് പദ്ധതിയിൽ ചേർന്നത്. വരും ദിവസങ്ങളിലും എൻറോൾമെന്റ് തുടരും. രണ്ടു ലക്ഷം രൂപ മുതൽ 17 ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതാണ് ടോപ് അപ് പദ്ധതി.

✪✪✪

രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളം മാറുന്നതിന്റെ പ്രഖ്യാപനം ഈ മാസം 21 ന് മുഖ്യമന്ത്രി പിണറായി വിജയൻ നടത്തുമെന്ന് മന്ത്രി M.B രാജേഷ് അറിയിച്ചു. തദ്ദേശ ഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ഡിജി കേരളം പദ്ധതിയിലൂടെ 21 ലക്ഷത്തി 87,667 പേരാണ് പുതുതായി ഡിജിറ്റൽ സാക്ഷരത കൈവരിച്ചതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. ശാസ്ത്രീയ സർവെയിലൂടെ കണ്ടെത്തിയ ഡിജിറ്റൽ നിരക്ഷരരെ സാക്ഷരരാക്കാൻ കഴിഞ്ഞതായും MB രാജേഷ് വ്യക്തമാക്കി. ഇതിൽ 15,221 പേർ 90 ന് മേൽ പ്രായക്കാരാണ്.

✪✪✪

പുതിയ നിയമ വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഇന്ത്യൻ ബാർ കൗൺസിൽ മൂന്ന് വർഷത്തെ മൊറട്ടോറിയം ഏർപ്പെടുത്തി. പുതിയ വിഭാഗങ്ങളോ, ബാച്ചുകളോ, കോഴ്സുകളോ നിയമ പഠന കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതിനും വിലക്കുണ്ട്. സംസ്ഥാന ഗവൺമെന്റുകളോടും, സർവകലാശാലകളോടും ഇത്തരം അപേക്ഷകൾ സമർപ്പിക്കരുതെന്നും ബാർ കൗൺസിൽ നിർദ്ദേശം നൽകി.

✪✪✪

ബിഹാറിലെ പ്രത്യേക ഊർജ്ജിത വോട്ടർ പട്ടിക പുതുക്കൽ സംബന്ധിച്ച്, എതിർപ്പുകൾ അറിയിക്കുന്നതിന് നൽകിയ രണ്ടാഴ്ചത്തെ സമയ പരിധിക്കുള്ളിൽ ഒരു രാഷ്ട്രീയ പാർട്ടിയും യാതൊരു പരാതിയും നൽകിയിട്ടില്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

എന്നാൽ, കരട് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട് വോട്ടർമാരിൽ നിന്ന് നേരിട്ട് 23,557 പരാതികൾ ലഭിച്ചിട്ടുണ്ടെന്നും കമ്മീഷൻ വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ അണക്കെട്ടുകളുമായി ബന്ധപ്പെട്ട ബഫർ സോൺ വിഷയത്തിൽ മന്ത്രി റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ ഉച്ചയ്ക്ക് തിരുവനന്തപുരത്ത് സർവ്വകക്ഷി യോഗം ചേരും. മന്ത്രി റോഷി അഗസ്റ്റിന്റെ ഓഫീസിലാണ് യോഗം.

അണക്കെട്ടുകളുടെ ബഫർ സോൺ പ്രഖ്യാപന ഉത്തരവ് പിൻവലിച്ചിട്ടും വീടു നിർമാണങ്ങൾക്ക് ഉൾപ്പെടെ, ജലസേചന വിഭാഗം നിരാക്ഷേപപത്രം നൽകാത്ത സംഭവങ്ങളിൽ പരാതിയുയർന്ന സാഹചര്യത്തിലാണ് സർവകക്ഷിയോഗം ചേരുന്നത്.

✪✪✪

തെരുവുനായ വിഷയത്തിൽ സംസ്ഥാനങ്ങൾക്ക് സ്വന്തം നിലയിൽ മുന്നോട്ടുപോകുന്നതിന് അധികാരം ഉണ്ടാവണമെന്ന് മന്ത്രി MB രാജേഷ് അഭിപ്രായപ്പെട്ടു. പ്രശ്നപരിഹാരത്തിന് സംസ്ഥാനങ്ങൾക്ക് നിയമമുണ്ടാക്കാൻ അനുമതി നൽകണമെന്നും, ABC ചട്ടം നിലനിൽക്കെ അതിനു വിരുദ്ധമായി നിയമമുണ്ടാക്കാൻ കഴിയില്ലെന്നും മന്ത്രി കണ്ണൂരിൽ പറഞ്ഞു. ഈ വിഷയത്തിൽ ശാസ്ത്രീയമായ പരിഹാരം ഉണ്ടാകും എന്ന് പ്രതീക്ഷിക്കാൻ മാത്രമേ ഇപ്പോൾ നിർവാഹമുള്ളൂ എന്നും MB രാജേഷ് മാധ്യമങ്ങളെ അറിയിച്ചു.

✪✪✪

ഗവൺമെന്റിന്റെ ഏറ്റവും മുൻഗണന അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിലാണെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. സംസ്ഥാനത്തെ 64,006 പേരിൽ 94.47 ശതമാനത്തെയും അതിദാരിദ്ര്യത്തിൽ നിന്ന് മുക്തമാക്കി കേരളം ലോകത്തിന് മാതൃകയാവുകയാണെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ ആദ്യത്തെ അതി ദാരിദ്ര്യമുക്ത ജില്ലയായി കണ്ണൂരിനെ പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. ഓരോ കുടുംബത്തിനും മൈക്രോ പ്ലാൻ തയ്യാറാക്കി എല്ലാ വകുപ്പുകളും ഒറ്റക്കെട്ടായാണ് ഇതിനുവേണ്ടി പ്രവർത്തിച്ചത്. കേരള പിറവി ദിനത്തിൽ സംസ്ഥാനത്തെ അതി ദാരിദ്യ മുക്തമായി പ്രഖ്യാപിക്കുമെന്നും MB രാജേഷ് അറിയിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചടങ്ങിൽ അധ്യക്ഷനായി.

✪✪✪

മുതലപ്പൊഴി മത്സ്യബന്ധന തുറമുഖ നവീകരണ പ്രവൃത്തി ഇന്ന് ആരംഭിക്കും. കഴിഞ്ഞ മാസം 31 ന് മുഖ്യമന്ത്രി പിണറായി വിജയനാണ് തുറമുഖ നവീകരണ പദ്ധതി ഉദ്ഘാടനം ചെയ്തത്.

സമഗ്ര വികസന പദ്ധ തിയുടെ ഭാഗമായി 177 കോടി രൂപ ചെലവിലാണ് മുതലപ്പൊഴി തുറമുഖം നവീകരിച്ച് നിർമിക്കുന്നത്. പദ്ധതിയിൽ അഴിമുഖത്തിന്റെ ആഴം കൂട്ടാൻ ഡ്രഡ്ജിങ് നടത്തും. നിരന്തരം വള്ളം

മറിഞ്ഞ് അപകടമുണ്ടാകുന്ന മുതലപ്പൊഴിയിൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടെ 78 ജീവനാണ് പൊലിഞ്ഞത്.

✪✪✪

സെക്രട്ടേറിയറ്റിലെ മന്ത്രി P രാജീവിന്റെ ഓഫീസിൽ AI സഹായത്തോടെ പ്രവർത്തിക്കുന്ന വെർച്വൽ റിസപ്ഷനിസ്റ്റിനെ നിയോഗിച്ചു. ഓഫീസിലെത്തുന്ന സന്ദർശകരുടെ സംശയങ്ങൾ ദുരീകരിക്കാൻ KEL - E എന്ന് പേരിട്ടിരിക്കുന്ന റിസപ്ഷനിസ്റ്റിന് കഴിയും. ഇതോടൊപ്പം വ്യവസായങ്ങളെ സംബന്ധിച്ച ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന ചാറ്റ് ബോട്ട് കൂടിയാണ് KEL-E എന്ന് മന്ത്രി ഫേസ്ബുക്കിൽ അറിയിച്ചു. കെൽട്രോണാണ് വെർച്വൽ റിസപ്ഷനിസ്റ്റിനെ നിർമ്മിച്ചത്.

✪✪✪

സ്വാതന്ത്ര്യദിനത്തിലെ യാത്രാതിരക്ക് മുൻ നിർത്തി മംഗലൂരുവിനും ഷൊർണ്ണൂരിനും ഇടയിൽ നാളെ സ്പെഷ്യൽ ട്രെയിൻ ഓടിക്കും. മംഗലൂരുവിൽ നിന്ന് വൈകിട്ട് ആറിന് പുറപ്പെടുന്ന ട്രെയിൻ പുലർച്ചെ ഒരു മണിക്ക് ഷൊർണ്ണൂരിലെത്തും.

✪✪✪

പാലക്കാട് അട്ടപ്പാടിയിൽ കാറിനുള്ളിൽ ചാക്കുകെട്ടുകളിലായി കടത്തുകയായിരുന്ന മുപ്പത് കിലോയോളം ചന്ദന മുട്ടികൾ പിടികൂടി. കാറിലുണ്ടായിരുന്നവർ ഓടി രക്ഷപ്പെട്ടു. പ്രതികൾക്കായി വനം- പൊലീസ് ഉദ്യോഗസ്ഥർ തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് വ്യാപക മഴക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം ജില്ലകളിലാണ് ജാഗ്രതാ നിർദേശം നൽകിയത്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ട്. ഇന്നും നാളെയും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് നിർദേശമുണ്ട്.

✪✪✪

ഈ വർഷത്തെ ഹജ്ജ് യാത്രക്ക് കേരളത്തിൽ നിന്ന് 8,530 പേരെ കേന്ദ്ര ഹജ്ജ് കമ്മിറ്റി നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു. 65 വയസ്സോ അതിന് മുകളിലോ പ്രായക്കാരായ എല്ലാ അപേക്ഷകരേയും തീർത്ഥാടനത്തിന് തെരഞ്ഞെടുത്തു. 45-നും 65-നും ഇടയിലെ സ്ത്രീകളുടെ വിഭാഗത്തിൽ 3,562 പേർക്ക് അവസരം ലഭിച്ചു. 58 പേരെ മാത്രമാണ് ഒഴിവാക്കിയത്.

തെരഞ്ഞെടുക്കപ്പെട്ടവർ ആദ്യ ഗഡുവായ ഒരു ലക്ഷത്തി 52,300 രൂപ ഈ മാസം 20നകം അടക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കേന്ദ്ര ഹജ്ജ് കമ്മിറ്റി നിർദേശിക്കുന്ന തിയ്യതിക്കകം സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കണം.

✪✪✪

കോഴിക്കോട് വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ - മേപ്പാടി തുരങ്കപ്പാതയുടെ നിർമാണോദ്ഘാടന സംഘാടക സമിതി രൂപീകരണ യോഗം വൈകിട്ട് തിരുവമ്പാടി ആനക്കാംപൊയിൽ പാരീഷ് ഹാളിൽ ചേരും. ഈ മാസം 31നാണ് മുഖ്യമന്ത്രി പിണറായി വിജയൻ തുരങ്കപാതാ നിർമ്മാണം ഉദ്ഘാടനം ചെയ്യുന്നത്.

✪✪✪

കോഴിക്കോട്ടെ വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്ക് ഏർപ്പെടുത്തിയ ബാങ്ക് വായ്പാ മൊറട്ടോറിയം മാറ്റമില്ലാതെ തുടരുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽകുമാർ സിങ് അറിയിച്ചു. വിലങ്ങാട് പുനരധിവാസ പ്രവൃത്തി അവലോകന യോഗത്തിലാണ് കലക്ടർ ഇക്കാര്യം വ്യക്തമാക്കിയത്.

മൊറട്ടോറിയം നിലനിൽക്കെ വായ്പ തിരിച്ചുപിടിക്കൽ നടപടികളിലേക്ക് പോകരുതെന്ന് ബാങ്കുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*NRTs:, അനിൽ ചന്ദ്രൻ*
*DEO: ഷീബ*